प्रेस प्रकाशनी PRESS RELEASE

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

സെപ്റ്റംബർ 30, 2019

**1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് (എഎസിഎസ്) സെക്ഷൻ 35A പ്രകാരം, മഹാരാഷ്ട്ര-മുംബൈയിലെ മറാത്താ സഹകാരി ബാങ്ക് ലിമിറ്റഡിനെതിരെ നിയന്ത്രണ നിർദ്ദേശങ്ങൾ**

റിസർവ് ബാങ്കിന്റെ 2016 ആഗസ്റ്റ് 31-ലെ ഉത്തരവുപ്രകാരം മഹാരാഷ്ട്ര-മുംബൈയിലെ, മറാത്താ സഹകാരി ബാങ്ക് ലിമിറ്റഡിനെ, 2016 ആഗസ്റ്റ് 31 ബിസിനസ്സ് അവസാനിച്ച സമയം മുതൽ, നിയന്ത്രണനിർദ്ദേശങ്ങൾക്ക് വിധേയമാക്കിയിരുന്നു. തുടർന്നുള്ള ഉത്തരവുകളിലൂടെ, ഈ നിർദ്ദേശങ്ങളുടെ സാധുത കാലാകാലങ്ങളിൽ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ, 2019 മാർച്ച് 25-ന് പുറപ്പെടുവിച്ച ഉത്തരവുപ്രകാരം, 2019 സെപ്റ്റംബർ 30 വരെ, പുനഃപരിശോധനയ്ക്ക് വിധേയമായി ഈ നിർദ്ദേശങ്ങൾക്ക് സാധുതയുണ്ട്.

1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് സെക്ഷൻ 35A, സബ്സെക്ഷൻ (1) ഒപ്പം സെക്ഷൻ 56 പ്രകാരം റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയിൽ നിക്ഷിപ്തമായ അധികാരം പ്രയോഗിച്ച്, 2016 ആഗസ്റ്റ് 31-ന് പുറപ്പെടുവിച്ചതും, സമയാസമയം ഭേദഗതി ചെയ്തതും, 2019 സെപ്തംബർ 30 വരെ ദീർഘിപ്പിച്ചതുമായ നിയന്ത്രണനിർദ്ദേശങ്ങൾ, പുനരവലോകനത്തിനുവിധേയമായി 2019 സെപ്റ്റംബർ 25-ലെ ഉത്തരവിലൂടെ 2019 ഒക്ടോബർ 1 മുതൽ, 2019 ഡിസംബർ 31 വരെ മൂന്നു മാസക്കാലത്തേക്കുകൂടി ദീർഘിപ്പിച്ചിരിക്കുന്നു.

മുകളിൽ പറഞ്ഞിട്ടുള്ള 2019 സെപ്റ്റംബർ 25-ലെ ദീർഘിപ്പിക്കൽ ഉത്തരവിന്റെ കോപ്പി, പൊതുജനങ്ങൾ വായിച്ചറിയുവാനായി, ബാങ്ക്മന്ദിരത്തിൽ പ്രദർശിപ്പി ച്ചിട്ടുണ്ട്.

ഈ ദീർഘിപ്പിക്കലും, ഭേദഗതിയും കാരണം, ബാങ്കിന്റെ സാമ്പത്തിക സ്ഥിതിയിൽ കാര്യമായ മെച്ചപ്പെടൽ ഉണ്ടായതായി റിസർവ് ബാങ്കിന് ബോധ്യം വന്നിട്ടുള്ളതായി കരുതേണ്ടതില്ല.

യോഗേഷ് ദയാൽ
ചീഫ് ജനറൽ മാനേജർ

**പ്രസ്സ് റിലീസ് : 2019-2020/816**